*kudos*


kudos
Proud Of Little Kites
St.Mary's High School Kakkadampoil
Little Kites

**എഡിറ്റോറിയൽ**

- സാന്ദ്ര തങ്കച്ചൻ
- സ്നേഹ ബിനു
- അഞ്ജന മാത്യു
- അ ക്ഷയ ജോജ്ജു
- സ്നേഹ വിനു
- റൂബി ആന്റണി
- നിഥുൻബാബു
- ക്രിസ്റ്റി ജോസഫ്
- ജോയൽമോൻ ക്ളീറ്റസ്
- ഷംന സി. ആർ
- സാന്ദ്ര ഫ്രാൻസീസ്
- സാൽവിൻ ഫ്രാൻസീ സ്
- ബിബിന ബിജു
- ജോമോൾ ജോസഫ്
-



## ഇതളുകൾ വിരിയുമ്പോൾ

ആമുഖം.......................................................................................................7
ആശംസ.......................................................................................................9
ആശംസ.......................................................................................................10
ആശംസ.......................................................................................................11
*എന്റെ വീട്*.......................................................................................................12
അവിവേകിയായ ചുണ്ടെലി.......................................................................................................14
ബന്ധങ്ങൾ ഭദ്രമാക്കാം.......................................................................................................15
ഫലിത ബിന്ദുക്കൾ.......................................................................................................16
കല്ലല്ല കൽക്കരി.......................................................................................................17
ചിക്കൻ കുറുമ.......................................................................................................19
പരിസ്ഥിതി ക്വിസ്.......................................................................................................21
എന്റെ മരം.......................................................................................................22
കടങ്കഥകൾ.......................................................................................................23
കഥകളി.......................................................................................................25
മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം.......................................................................................................26
മുടിയേറ്റ്.......................................................................................................29
പൊതുവിജ്ഞാനം.......................................................................................................30
ദൈവത്തിന്റെ വരദാനം.......................................................................................................32
ശിഷ്യനും ഗുരുവും.......................................................................................................33
ഫലിത ബിന്ദുക്കൾ.......................................................................................................34
കുസൃതികണക്ക്.......................................................................................................35
വാക്ക്.......................................................................................................37
തുള്ളൽ പ്രസ്ഥാനം.......................................................................................................39
ഫലിതങ്ങൾ.......................................................................................................40
ഗണിതശാസ്ത്രക്വിസ്.......................................................................................................41
.......................................................................................................41
ഒരു മൈസൂർ യാത്ര.......................................................................................................44
കുട്ടിപ്പട്ടം nidhun babu.......................................................................................................54
तमनना.......................................................................................................55
मॆरा बारीश.......................................................................................................56
ACT AS IF.......................................................................................................57
THE CREATION.......................................................................................................58
How can you cook delicious soup?.......................................................................................................59
പൂന്തോട്ടം.......................................................................................................61
OLD LION AND THE DONKEY.......................................................................................................62
SONG OF THE FLOWER.......................................................................................................65

APPRECIATION....67
Cultural Heritage....69
Introduction....69
Types of heritage....69
*taInngible culture*....69
*Natural heritage*....69
Cultural property....70
List of Heritage sites in India....70
*Taj Mahal*....70

## ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം

ആർജ്ജിക്കേണ്ടതാണെന്ന ബോധ്യം കുറച്ചൊന്നുമല്ല

വിദ്യാഭ്യാസ രംഗത്തെ മാറ്റിമറിച്ചത്. പുസ്തകലോകത്തിനപ്പുറം ആധുനികലോകത്തിലെ വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാനും അവയോടൊപ്പം സഞ്ചരിക്കുവാനും പര്യാപ്തവും സമ്പൂർണവുമായ

വിദ്യാഭ്യാസപദ്ധതിയാണ് ഇന്ന് നിലനിൽക്കുന്നത്.

ഈ വൈവിധ്യത്തിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് ലിറ്റിൽ കൈറ്റ്സ്.

നവീന കാലഘട്ടത്തിൽ ഭൂരിഭാഗം ആളുകളും വിവരവിനിമയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് അഭിരുചിയുള്ളവരെ കണ്ടെത്തുന്നതിനും നിരന്തര പ്രോത്സാഹനത്തിലൂടെയും ക്ലാസുകളിലൂടെയും കുട്ടികളെ

വളർത്തി പുതുതലമുറക്ക് വിപുലമായ സംഭാവനകൾനൽകുന്നവരാക്കി തീർക്കുവാനുള്ള ശ്രമങ്ങൾ ഇനിയുംമെച്ചപ്പെടേണ്ടിയിരിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യകൾ ആഴത്തിൽ സ്വായത്തമാക്കാനുള്ളസാഹചര്യം ഒരുക്കുക, വിവരവിനിമയ രംഗത്ത് കുട്ടികൾ

*kudos*

കാണിക്കുന്ന താൽപര്യം പരിപോഷിപ്പിക്കുക, ദ്രുതഗതിയിലുള്ള സാങ്കേതിക വളർച്ചക്ക് അടിത്തറയിടുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആവിർഭവിച്ച വിദ്യാഭ്യാസ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. സ്‌കൂളുകളിലെ സാങ്കേതിക വൈദഗ്ധ്യം നിറഞ്ഞ കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യം ഈ പദ്ധതിയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. ഇതിൽ അംഗങ്ങളായ കുട്ടികളുടെകഠിനാധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും പരിണാമഫലമായി പുറത്തിറങ്ങുന്ന ഈ മാസിക നവീന കാലഘട്ടത്തിലെ കുട്ടികളിൽ സാങ്കേതികവിദ്യാരംഗത്തുള്ളവൈദഗ്ധ്യം പ്രകടമാക്കുന്നു

ദീപ ആന്റണി ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്എസ്.എം.എച്ച്.എസ്

## ആശംസ

നമ്മുടെ സ്‌കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഐ .ടി പഠനത്തിന്

ഏറെ ഉപകാരപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം ഹെഡ് മാസ്റ്റർ

തങ്കച്ചൻ എ .എം

കക്കാടംപൊയിൽ

14-01-2019

kudos

## ആശംസ

സെന്റ് മേരീസ് ഹൈസ്ക്കൂളിൽ പുതുതായി ആരംഭിച്ച ഒരു ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. ഈ ക്ലബ്ബിൽ അംഗങ്ങളായ കുട്ടികൾ കമ്പ്യൂട്ടറിനെയും അതിന്റെ നൂതനസാങ്കേതികവിദ്യകളെയും കുറിച്ച് കൂടുതൽ അറിവുനേടാൻ സാധിക്കുന്നു. ക്ലബ്ബിലെ അംഗങ്ങളായ

കുട്ടികളുടെ പരിശ്രമഫലമായി പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാസികക്ക് എല്ലാവിധ നന്മകളും നേരുന്നു.

അതോടൊപ്പം ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ

കുട്ടികളെയും അഭിനന്ദിക്കുന്നു.

ആശംസകളോടെ,

ഷാന്റി .എം.വി

എച്ച്.എസ്.എ

ബയോളജി

kudos

## ആശംസ

കക്കാടംപൊയിലിലെ സെന്റ് മേരീസ് ഹൈസ്ക്കൂളിലെ

കുട്ടികൾക്ക് കമ്പ്യൂട്ടറിനെക്കുറിച്ച് വിപുലമായി അറിവുനേടുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. കമ്പ്യൂട്ടറിനെ കൂടുതൽ

അടുത്തറിയാനും പഠനകാര്യങ്ങളിൽ മികവു നേടുവാനും

ഇതിലൂടെ സാധിക്കുന്നു. ഇതിലെ അംഗങ്ങളായ

കുട്ടികളുടെ ശ്രമഫലമായി പുറത്തിറങ്ങുന്ന ഈ ഡിജിറ്റൽ മാസികക്ക് എല്ലാവിധ മംഗളങ്ങളും

നേരുന്നു

ആശംസകളോടെ,

ലിറ്റിൽ കൈറ്റ്സ് സെക്രട്ടറി,

അഞ്ജന മാത്യു

kudos

# എന്റെ വീട്

ഗൃഹത്തിൽ വന്നൊരുണ്ണി മേടമാസത്തിൽ
അന്നെന്റെ ഗൃഹത്തിലാ-

ആടയും ആദരണവും

ഗൃഹത്തിൽ വന്നോരെല്ലാം

ഉണ്ണിതൻ കൈകളിൽ

നൽകുന്ന സ്നേഹത്തോടെ

ആനന്ദം പങ്കുവയ്ക്കൽ

എല്ലാവരും വന്നിടുന്നു

ആശംസ നേർന്നിടുവാൻ....

എല്ലാവരും വന്നിടുന്നു
ഉണ്ണിയെ കണ്ടിടുവാൻ

എന്തൊരു ചന്തമാണേ

ഉണ്ണി എൻ കൈകളിൽ

കിടന്നു പുഞ്ചിരിക്കുന്നു...

എന്നോടൊപ്പം എൻ വീടും



*kudos*

സന്തോഷത്താൽ നിറഞ്ഞു..

സന്തോഷത്തിൻ സുദിനം

ദൈവം തന്നൊരു പൊന്നുണ്ണി

അനിറ്റ ഷിനോജ്



*kudos*

# അവിവേകിയായ ചുണ്ടെലി

ഒരു തട്ടിൻപുറത്ത് ഒരു ചുണ്ടെലി പാർത്തിരുന്നു. ഒരിക്കൽ

ചുണ്ടെലിക്ക് ഒരു വികൃതി തോന്നി. തൊട്ടപ്പുറം വെച്ച മരപ്പലകയ്ക്കപ്പുറം എന്താണെന്നറിയാൻ ഒരു ആഗ്രഹം.

ചുണ്ടെലി മരപ്പലക പതുക്കെപ്പതുക്കെ കരണ്ടുതുടങ്ങി. കുറെ കരണ്ടുകഴിഞ്ഞപ്പോൾ മരപ്പലകയിൽ

ഒരു ചെറിയ ദ്വാരമുണ്ടായി.

ദ്വാരത്തിലൂടെ ഞെരുങ്ങിഞെരുങ്ങി ചുണ്ടെലി അപ്പുറം കടന്നു. അപ്പോഴാണ് അപ്പുറത്തെ മുറിയിൽ ധാരാളം ഭക്ഷണസാധനങ്ങൾ ചുണ്ടെലി കണ്ടത്.

ചുണ്ടെലി ആർത്തിയോടെ ഭക്ഷണസാധനങ്ങൾ തിന്നു തുടങ്ങി. തിന്നുതിന്നു വല്ലാതെ വീർത്തു.

അപ്പോഴാണ് വീട്ടുകാർ തട്ടിൻപ്പുറത്തേക്ക് കയറി


വരുന്ന ശബ്ദം കേട്ടത്. പ്രാണൻ രക്ഷിക്കാൻ ചുണ്ടെലി

മരപ്പലകയിലെ ദ്വാരത്തിലൂടെ കടക്കാൻ നോക്കി.

തിന്ന് വയർ വല്ലാതെ വീർത്തതിനാൽ അതിന് അത് കഴിഞ്ഞില്ല. വീട്ടുകാർ അതിനെ പിടികൂടുകയും ചെയ്തു.

**Febin Biju**

## ബന്ധങ്ങൾ ഭദ്രമാക്കാം



നമുക്ക് മൂന്ന് ബന്ധങ്ങളാണ് ഉള്ളത് . നമ്മോട് തന്നെ,മറ്റുള്ളവരോട്,ഈശ്വരനോട് . ചിലർ മൂന്നാമത്തെ ബന്ധം തിരിച്ചറിയാത്താവരോ, ചിലപ്പോൾ നിഷേധിക്കുന്നവരോ ആകാം. അവർ അത് നിഷേധിച്ചാലും ബന്ധം ഇല്ലാതാകുന്നില്ല കാരണം ഈശ്വരൻ സൃഷ്ടിച്ച വായുവും വെള്ളവും മറ്റ പദാർത്ഥങ്ങളും സ്വീകരിച്ചും ആസ്വദിച്ചുമാണ് അവർ പുലരുന്നത് . മേൽപ്പറഞ്ഞ മൂന്ന് ബന്ധങ്ങളും സന്തു-ലിതമാക്കി കാത്തുസൂക്ഷിക്കാനാകട്ടെ നമ്മുടെ ശ്രമവും ശ്രദ്ധയും.

ആതിര വിജയൻ

## ഫലിത ബിന്ദുക്കൾ

1. ഭക്ഷണപ്രിയയായ ഭാര്യയെയും കൊണ്ട് ഭർത്താവ് ഹണിമൂണിനു പോയി . താമസിക്കാൻ ചെന്ന ഹോട്ടലിൽ കണ്ട പരസ്യം ഇങ്ങനെ .

രാവിലെ ടിഫിൻ - 7 മുതൽ 11


ഉച്ച ഊണ് - 12 മുതൽ 3 വരെ

വൈകുന്നേരംടിഫിൻ - 3.30 മുതൽ 6.30 വരെ

രാത്രി ഡിന്നർ - 7 മുതൽ 10 വരെ

ഇതു കണ്ട ഭാര്യ : നമുക്ക് പുറത്ത ചുറ്റിക്കറങ്ങി കാണാൻ സമയം കിട്ടുമെന്നു തോന്നുന്നല്ല.

അക്ഷയ



## കല്ലല്ല കൽക്കരി

### കൽക്കരി ഖനനം

ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഭൂമിക്കുള്ളിൽ നിന്നുമൊക്കെ കൽക്കരി ശേഖരിക്കുന്ന പ്രവർത്തനമാണ് കൽക്കരി ഖനനം എന്നു പറയുന്നത്. ആയിരകണക്കിന് വർഷം മുമ്പേ ഭൂമിയുടെ ഉപരിതലത്തിലുള്ള കൽക്കരി ഖനനം ചെയ്തെടുക്കാൻ തുടങ്ങിയിരുന്നു .ബ്രിട്ടനിലെ വെയിൻസിൽ വെങ്കലയുഗത്തിൽ തന്നെ കൽക്കരി ഉപയോഗിച്ചതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്.കൽക്കരി കഷണങ്ങൾ കത്തിച്ച് ഭക്ഷണം പാകം ചെയ്യാനും ചൂട് പിടിപ്പിക്കാനുമായിരുന്ന ഉപയോഗിച്ചിരുന്നത്.

*kudos*

14-ാം നൂറ്റാണ്ടോടെയാണ് യൂറോപ്പിൽ ഭൂമിക്കടിയിലെ കൽക്കരി ഖനനം തുടങ്ങിയത്. ആദ്യകാലങ്ങളിൽ തൊഴിലാളികൾക്ക് ഇറങ്ങി വെളിച്ചംകണ്ട് നിൽക്കാൻ കഴിയുന്നത്ര ആഴമുള്ള കിണറുകൾ കുഴിയായിരുന്നു ഖനനം .എന്നാൽ പിന്നീട് വ്യവസായിക വിപ്ലവത്തിന്റെ കടന്നുവരവോടെ ഖനനത്തിന്റെ ആഴവും പരപ്പുമൊക്കെ കൂടിവന്നു .ആഴം കൂടുംതോറും കൽക്കരി ഖനിയിലെ അപകടസാധ്യതയും കൂടും.ഖനിക്കുള്ളിലെ ജലമാണ് പ്രധാന പ്രശ്നം.പുറത്ത് മഴപെയ്താൽ അത് ഖനിക്കുള്ളിലെ ജലനിരപ്പ് അപ്രതീക്ഷിതമായി ഉയർത്തുന്നു .ഇത് ഖന്ക്കുള്ളിലെ തൊഴിലാളികൽക്ക് ചില്ലറ പ്രശ്നമല്ല ഉണ്ടാക്കുന്നത്.പിന്നീട് ഈ വെള്ളം പമ്പചെയ്ത് കളയാനുള്ള ശക്തമായ മോട്ടറുകൾ കണ്ടു പിടിച്ചതോടെ ഈ പ്രശ്നത്തിന് പരിഹാരമായി.

ആദ്യകാലങ്ങളിൽ മനുഷ്യരുടെയും കഴുതകളുടെയുമൊക്കെ പുറത്താണ് കൽക്കരി ചുമന്ന് ഖനിയിൽ നിന്ന് പുറത്തെത്തിച്ചിരുന്നത്.ഇപ്പോൾ ഇത് യന്ത്രസഹായത്തോടെ നടത്തുന്നു.

വിഷമയവും തീപിടിക്കാവുന്നതുമായ വാതകങ്ങൾ കൽക്കരി ഖനിക്കുള്ളിൽ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്.ഇത് തൊഴിലാളികളുടെ ജീവന് ഭീഷണിയായിരുന്നു.പിന്നീട് ഇതിനും പരിഹാരമാ

## കൽക്കരി ഇന്ത്യയിൽ

ബംഗാളിലെ ദാമോദർ നദിയുടെ തീരത്തുള്ള റാണിഗാൻജ് കൽക്കരി പാടത്താണ് ഇന്ത്യയിൽ ആദ്യമായി കൽക്കരി ഖനനം നടക്കുന്നത്.1774 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ മെൽനോട്ടത്തിലായിരുന്നു ഇത്.പഞ്ചവത്സര പദ്ധതിയിൽ കൽക്കരി ഖനനത്തിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു.


ലോകത്തെ കൽക്കരി സമ്പത്തിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യക്ക്.ലോകത്തിലെ നാലാമത്തെ വലിയ കൽക്കരി ഉൽപ്പാദക രാജ്യമാണ് ഇന്ത്യ.ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൽക്കരി നിക്ഷേപമുള്ള

സംസ്ഥാനം ജാർഖണ്ഡാണ്.കൽക്കരി വൈദ്യുതി ഉൽപ്പാദനത്തിനാണ് ഏറ്റവുമധികം ഉപയോഗിക്കുന്നത്.

*kudos*

# TWINKLING STARS

BIBINA BIJU



സെന്റ്മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ

# L E D ബൾബ് നിർമാണ പരിശീലനം



## ഒക്ടോബർ28





- ഊർജ്ജസംരക്ഷണ പ്രവർത്തന
- സണ്ണിമൈക്കിൾ മാസ്റ്റർ L E D ബൾബ് നിർമ്മാണ പരിശീലനം
- L E D ബൾബ് വിതരണം
- ഊർജ്ജസംരക്ഷണ ബോധവത്ക്കരണം



*kudos*

## ചിക്കൻ കുറുമ

1.കോഴി -1 കിലോ

2.മല്ലിപൊടി -1 ടേബിൾ സ്പൂൺ

3.മുളകുപൊടി -1 ടീസ്പൂൺ

4.മഞ്ഞൾപൊടി -1/2 ടീസ്പൂൺ

5.സവാള -200 ഗ്രാം

6.തക്കാളി -100 ഗ്രാം

7.പച്ചമുളക് -4 എണ്ണം

8.കറിവേപ്പില -1 തണ്ട്

9.ഇഞ്ചി -1 കഷണം

10.എണ്ണ -200 ഗ്രാം

11.ഉപ്പ് -പാകത്തിന്

### പാകം ചെയ്യുന്നവിധം


സവാള അരിഞ്ഞതിൽ പകുതി

*kudos*

വറുത്ത് അരച്ചെടുക്കുക. ഒരു പാത്രത്തിൽ
എണ്ണ ചൂടാക്കിയുള്ള സവാള , പച്ചമുളക്,
ഇഞ്ചി ഇവ വഴറ്റുക. വഴന്നു കഴിയുമ്പോൾ
സവാള അരച്ചതും പൊടികൾ ചൂടാക്കി
അരച്ചതും , തക്കാളി, ചിക്കൻ കഷണങ്ങൾ
ഇവയും ഇട്ടുവഴറ്റി പാത്രം അടച്ചു വേവിക്കുക.
കറികുറുകുമ്പോൾ ഉപ്പ് ചേർത്ത് വാങ്ങി
വയ്ക്കുക .

അഭിജിത്ത്. സി.എസ്

kudos



സെന്റ്മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ

# പരിസ്ഥിതി ക്വിസ്

kudos

1.ഭൗമദിനമായി ആചരിക്കുന്നത് എന്ന് ?

- ഏപ്രിൽ 22

2. സൗരയൂഥത്തിലെ ഏറ്റവും തിളക്കമേറിയ നക്ഷത്രം?

-സിറിയസ്

3. ബയോഗ്യാസിലെ പ്രധാന ഘടകം?

-മീഥെൻ

4.പശു ഏത് രാജ്യത്തിന്റെ ദേശീയ മൃഗമാണ്?

-നേപ്പാൾ

5. നീല നിറം കാണാൻ കഴിയുന്ന പക്ഷി?

-മൂങ്ങ

6. മണ്ണിനെ കുറിച്ചുള്ള പഠനശാഖയാണ്?

-പെഡോളജി

7. ഇന്ത്യയിലെ ഏറ്റവും വലിയ തടാകം ?

*kudos*

**-ചില്ക്ക**

**8. കറുത്ത സ്വർണ്ണം?**

**-പെട്രോൾ**

**9.ഇന്ത്യയിലെ നെല്ലറ എന്നറിയപ്പെടുന്ന സംസ്ഥാനം?**

**-ആന്ധ്രപ്രദേശ്**

**10. സെറികൾച്ചർ എന്നാലെന്ത്?**

**-പട്ടുനൂൽ**

**11.ലോക ആരോഗ്യദിനം?**

**-ഏപ്രിൽ 7**

**12.ഒരു കുരുവിയുടെ പതനം ആരുടെ കൃതിയാണ്?**

**-സലിം അലി**

**13.റോഡുകളില്ലാത്ത ഇറ്റാലിയൻ നഗരമേത്?**

**-വെനീസ്**

*kudos*

**14. മരം കയറാൻ കഴിവുള്ള മത്സ്യം?**

**-അനാംബസ്**

**15. തലയിൽ ഹൃദയമുള്ള ജീവി?**

**-ചെമ്മീൻ**

**അനീറ്റ ഫ്രാൻസീസ്**

## കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂൾ ജൂലൈ മാസത്തിൽ



# എന്റെ മരം

നാലുനാൾ മുമ്പു ഞാൻ
നാലാം ക്ളാസ്സിൽ പഠിക്കുമ്പോൾ
നാലാള് കാൺകെത്തന്നെ
എനിക്കൊരു 'മരം' കിട്ടി.

ചെളിവെള്ളം നിറഞ്ഞ 'മരക്കവർ'
ബാഗിൽ നിന്നെടുത്തപ്പോൾ
കോപിച്ചലറി മമ്മി
'ബാഗാകെ കളഞ്ഞല്ലോ'?

വിരണ്ട ഞാനപ്പോൾതന്നെ
മരം വീട്ടരികിൽ ചാരിവെച്ചു
'കിറ്റക്സ് ബാഗെ'ടുത്തോമനിച്ചുമ്മ
വെച്ചുറങ്ങിപ്പോയ്.

ഒന്നു ഞാൻ പഠിച്ചന്ന്,
മരം വെറുമൊരു മരമല്ലേ

പ്ലാസ്റ്റിക് ബാഗുകളാണ് മുഖ്യം!

ഞാനിന്നൊരു മലയാളിയല്ലോ!

-സ്നേഹ . കെ



# വായനവസന്തം പദ്ധതി ഉദ്ഘാടനം

## സെപ്റ്റംബർ29









- ഉദ്ഘാടനം -മാനേജർ
- മുഖ്യാഥിതി-ശ്രീ. തോമസ് വലിയപറമ്പൻ
- എഞ്ചുവടി വിതരണം
- ക്ളാസ് ലൈബ്രറി ഉദ്ഘാടനം
- കഥാകൃത്തിലൂടെ കഥയിലേക്ക്

kudos



# L E D ബൾബ് നിർമാണ പരിശീലനം



## ഒക്ടോബർ28





- ഊർജ്ജസംരക്ഷണ പ്രവർത്തന
- സണ്ണിമൈക്കിൾ മാസ്റ്റർ L E D ബൾബ് നിർമ്മാണ പരിശീലനം
- L E D ബൾബ് വിതരണം
- ഊർജ്ജസംരക്ഷണ ബോധവത്ക്കരണം



*kudos*

## കടങ്കഥകൾ

അകമില്ല പുറമില്ല ഞെട്ടില്ല  വട്ടയില

-പപ്പടം

അകത്തു തിരിതെറുത്തു പുറത്തു മുട്ടയിട്ടു

-കുരുമുളക്

അടയുടെ മുൻമ്പിൽ പെരുമ്പട

-തേനീച്ചക്കൂട്

അടയ്ക്കും തുറക്കും കിങ്ങിണി പത്തായം

-കണ്ണ്

അടിപാറ, നടുവടി, മീതെ കുട

-ചേന  അടുക്കള കോവിലിൽ മൂന്നുണ്ടു

ദൈവങ്ങൾ -അടുപ്പ്

അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്

-ചിരവ

അമ്മ കൊലുന്നനെ മക്കൾ കുരുന്നനെ

-കവുങ്ങ്

അമ്മയെ തൊട്ട മകൻ വെന്തു മരിച്ചു

-തീപ്പെട്ടിക്കൊള്ളി

*kudos*

**അമ്മയ്ക്ക് വാലില്ല മക്കൾക്ക് വാലുണ്ട്**

**-തവള**

**ആയിരം കുഞ്ഞുങ്ങൾക്ക് ഒരരഞ്ഞാൺ**

**-ചൂല്**

**എന്നെ തൊട്ടാൽ തൊട്ടവനെ തട്ടും**

**-വൈദ്യുതി**

**ഒരമ്മ പെറ്റതെല്ലാം കറുത്തപ്പട്ടാളം**

**-കട്ടുറുമ്പ്**

**Vismaya Prasad**



# ലോകകപ്പ് ഫുട്ബോൾ

## ജൂലൈ 4



- ലോകകപ്പ് ഫുട്ബോൾ സെന്റ്മേരീസ് ഹൈസ്കൂളിൽ
- പ്രവചനമത്സരം
- ക്വിസ് മത്സരം
- പതിപ്പുനിർമ്മാണം
- സമ്മാനവിതരണം







*kudos*

## കഥകളി

17-ാം നൂറ്റാണ്ടിൽ  കൊട്ടാരക്കര  തമ്പുരാനാണ്

കഥകളിക്ക് ജന്മം  നല്കിയതെന്ന്  കരുതപ്പെടുന്നു.

കേരള പ്രകൃതിയുടെ വർണ്ണഭംഗിയാണ്  കഥകളി.

വേഷങ്ങൾക്ക് ഈ വർണ്ണപൊലിമ വരാൻ കാരണം.

പ്രകൃതിയിൽ നിന്നെടുത്ത ചായങ്ങൾ കൊണ്ടാണ്

മുഖത്തെഴുത്ത്. കണ്ണ് ചുവക്കാൻ ചുണ്ടപ്പൂവ്, മുഖത്ത്

മനയോല,ചുണ്ട് ചുവപ്പിക്കാൻ ചായില്യം,ചുട്ടിക്ക്

അരിമാവ് ഇതൊക്കെയാണ്  ഉപയോഗിക്കുന്നത്.

ചെണ്ട, മദ്ദള,ചേങ്ങില,ഇലത്താളം ഇടയ്ക്ക

എന്നിവയാണ് വാദ്യങ്ങൾ.ഇവ കേരളിയങ്ങളാണ്

രാമനാട്ടവതരണത്തിൽ  പാള കൊണ്ടുള്ള

ഗ്രാമീണ  കിരീടങ്ങളാണ് ഉപയോഗിക്കുന്നത്

കേശദാര മുടി, സരസ്വദി മുടി എന്നിവയാണ്

കഥകളിയിലെ കിരീടങ്ങൾ .

സ്ത്രീ വേഷങ്ങൾക്ക് കിരീടത്തിനു പകരം

തലയുടെ  വശത്ത്കെട്ടിവച്ച  തലമുടിയുടെ

*kudos*

ആകൃതിയിലുള്ള  കൊണ്ടക്കെട്ടും,കുമിഴ്

എന്ന തടി കിരീടവ നിർമാണത്തിനുപയോഗിച്ചു.

സാന്ദ്രാ ബിജു

*kudos*

# നക്ഷത്രനിർമ്മാണമത്സരം










- ക്ലാസ്സ്തല മത്സരം
- നക്ഷത്ര പ്രദർശനം
- വിജയികളെ പ്രഖ്യാപിക്കൽ



# മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലൊടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടിന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ"

( വള്ളത്തോൾ )

ഭാഷ ഒരു ചിഹ്നവ്യനസ്ഥയാണ് ;വികാരങ്ങൾക്കും വിചാരങ്ങൾക്കും രൂപം നൽകുന്നതിന് വ്യക്തി ഉപയോഗിക്കുന്ന വ്യവസ്ഥ .

കുഞ്ഞിന്റെ ശരീരകലകൾ വളരുന്നതിന് മുലപ്പാൽ എങ്ങനയോ അതുപോലെയാണ് ചിന്തകൾ വളരുന്നതിന് അമ്മയുടെ ഭാഷയും .കൃത്രമമായി അമ്മ പലപ്പ്രോഴും അന്യഭാഷകൾ കൈകാര്യം ചെയ്യുവെന്നുവരാം . വികാരത്തിന്റെ തിരത്തള്ളൽ ഏതൊരു വ്യക്തിയിലും അവന്റെ മാതൃഭാഷയെ ഉണർത്തും എന്നാണ് മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നത് . വിദ്യാദ്യാസംനൈരന്തര്യകമാണ് .അതൊരിക്കലും അവസാനിക്കുന്നില്ല .

കുഞ്ഞിന്റെ ആദ്യഗുരു അമ്മ തന്നെ . എല്ലാത്തിനും ഗുരുവും മാതാവുതന്നെയാണല്ലോ .അമ്മയുടെ ഭാഷതന്നെയാണ് ഏതൊരു കുഞ്ഞും അദ്യം വശമാക്കുന്ന ഭാഷയും .മാത്രമല്ല , കുട്ടികൾ വസ്തുതകളെയും ജീവികളെയും വേർതിരിക്കുന്നതും ഭാഷയിലൂടെയാണ് . മാതൃഭാഷ അമ്മയ്ക്ക് തുല്യയാണെന്നു വള്ളത്തോൾ പഠിപ്പിക്കുന്നു .

*kudos*

കുഞ്ഞിന്റെ ചിന്ത വളരെ ലഘുവാണ് ;എങ്കിലും അതിനെ നിയന്ത്രിക്കു മാതൃഭാഷയാണ് . ചിന്തയില്ലാതെ വളരാൻ ആവില്ല .

നാം ജീവിക്കുന്ന നാടിന്റെ സവിശേഷതകളെല്ലാം മാതൃഭാഷയിലുമുണ്ട് . മാതൃഭാഷാ സാഹിത്യത്തിൽ ഇവിടുത്തെ ജനങ്ങളുടെ ജീവിതം പ്രതിബിംബിക്കുന്നു . ഈ നാടിന്റെ സംസ്കാരം അറിയാൻ അവനെ സഹായിക്കുന്നതും മാതൃഭാഷയാണ് . നാടിന്റെ സംസ്കാരം അടുത്തറിയുന്നതിലൂടെ , സ്വന്തം പൈതൃകം ഉൾക്കൊള്ളുന്നതിലൂടെ രാജ്യസ്നേഹിയാവുകയാണ് . അത്തരമൊരു കുട്ടി , തന്റെ നാടിന്റെ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കും . മാതൃഭാഷ ഉപേക്ഷിക്കേണ്ടുന്ന സാഹചര്യം ഒരുവനു ലഭിച്ചാൽ അവൻ സ്വന്തം നാടിനെയും മറക്കും . സഹജമായ ഒരു മാനസികഭാവമാണത് .

നിരന്തരമായ പരിശീലനംകൊണ്ട് ഏതു ഭാഷയിലും നൈപുണ്യം നേടാൻ നമുക്കു കഴിയും .

സാധാരണക്കാരിൽ ശാസ്ത്രബോധമുണർത്താനും അവന്റെ സ്വത്വത്തെ ബോധ്യപ്പെടുത്താനും ഏറെ സഹായിക്കുന്നത് മാതൃഭാഷയാണ് . അതു കൊണ്ടാണ് മറ്റുള്ള ഭാഷകൾ കേവലം 'ധാത്രിമാർ' എന്ന് കവി പാടിയത് .

മാതൃഭാഷ ഒരുവന് ജീവൽഭാഷയാണ് . ഭാഷ ഭാഷണംചെയ്യാനുള്ളതാണ് . ആലോചിക്കാതെ പുറത്തുവരുന്നതാണ് മാതൃഭാഷ . ആലോചിച്ച് അന്യഭാഷയിലൂടെ സംസാരിക്കാം . ആത്മബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഒരാൾക്ക് ഹൃദയാവർജകമായി നിർമിക്കുവാൻ മാതൃഭാഷതന്നെ വേണം . ബന്ധങ്ങൾ ഉടലെടുക്കുന്നത് നല്ല സംഭാഷണത്തിലൂടെയാണ് . 'സംബന്ധമാഭാഷണ പൂർവമാഹുഃ' എന്നു കാളിദാസൻ പറയുന്നത് ശ്രദ്ധേയം . നന്നായി സംസാരിക്കാൻ മാതൃഭാഷയാണ് യോഗ്യം . മറ്റേതൊരു ഭാഷയിലും കൃത്രിമത കലരും .

**Sandra Thankachan**

*kudos*

## മുടിയേറ്റ്

കേരളത്തിലെ ഭഗവതിക്ഷേത്രത്തിലെ

ആചാരങ്ങളോടനുബന്ധിച്ച് നടത്താറുള്ള ഒരു

അനുഷ്ഠാനമാണ് മുടിയേറ്റ്.കളമെഴുത്ത്, കളംപ്പാട്ട്

ത്രൂയുഴിച്ചിൽ എന്നീ ചടങ്ങുകളോടെ മുടിയേറ്റ്മാരം

ഭിക്കുന്നു. വദ്യോപകരണങ്ങൾചെണ്ടയും,ഇലത്താളവുമാണ്

ഇതിലെ ഗാനങ്ങൾകഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണ

രീതിയിലാണ്.

രാത്രിയിലാണ് ഇത് നടത്താറ്. നേരം പുലരും വരെ കളിയുണ്ടാവും

ഇതിലേ കഥാപാത്രങ്ങൾ ഭദ്രകാളി,ദാരികൻ,നാരദൻ,ശിവൻ,

കൂളി,കോയിമ്പടാർ,ദാനവേന്ദർ എന്നിവരാണ് . ഭദ്രകാളി

ക്ഷേത്രങ്ങളിലാണ് ഇത് അവതരിപ്പിക്കാറ്.

ഷാർലറ്റ് ഷൈൻ

*kudos*

## പൊതുവിജ്ഞാനം

1.?'ഇരുട്ടിന്റെ ആത്മാവ് ' എന്ന ചലചിത്രം സംവിധാനം ചെയ്തത് ആരാണ്

പി.ഭാസ്കരൻ

2.തകഴി ചെമ്മീനിൽ അവതരിപ്പിക്കുന്ന കടൽത്തീരഗ്രാമം ഏതാണ് ?

തൃക്കുന്നപ്പുഴ

3.ഏറ്റവുമധികം റോഡുള്ള ഇന്ത്യൻ സംസ്ഥാനം ?

മഹാരാഷ്ട്ര

4.ഒളിംപിക്സിനു വേദിയൊരുക്കിയ ആദ്യ ഏഷ്യൻ നഗരം ?

ടോക്കിയോ

5.കുമാരനാശാൻ സ്ഥാപിച്ച പുസ്തകശാല ഏതാണ് ?

ശാരദാബുക്ക് ഡിപ്പോ

6. 'ഗേറ്റ് വേ ഓഫ് ഇന്ത്യ ' സ്ഥിതി ചെയ്യുന്നത് എവിടെ ?

മുംബൈ

7.ഭാരതരത്നം ലഭിച്ച ആദ്യ സംഗീതപ്രതിഭ?

എം.എസ്.സുബ്ബലക്ഷ്മി

8.ഓസോൺ പടലം കാണപ്പെടുന്ന അന്തരീക്ഷപാളി ?

സ്ട്രാറ്റോസ്ഫിയർ

9.സമത്വ സമാജം സ്ഥാപിച്ചിത് ആര് ?

*kudos*

വൈകുണ്ഠസ്വാമികൾ

10.പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തുവരുന്ന വാതകം ?

ഡയോക്സിൻ

- ജോമോൾ ജോസഫ്

*kudos*

## ദൈവത്തിന്റെ വരദാനം

പച്ചവിരിച്ച വയലേലകളിൽ

സ്വർണ്ണ നെൽക്കതിരുകൾ ചാഞ്ചാടുന്നു

നെന്മണിയാകെ കൊത്തിപ്പെറുക്കുവാൻ

പറവകൾ കലപില കൂട്ടുന്നു

വയലേലകളിലൂടെ പായുന്ന കൊക്കുകൾ

സൗരഭ്യത്തിൻ കുളിർമയുമായിട്ട്

കുഞ്ഞിക്കാറ്റിതാ പാടിവരുന്നുണ്ട്

പാടവരമ്പിലൂടെ പട്ടം പറത്തി

കുട്ടികൾ കളിച്ചുരസിച്ചു വരുന്നുണ്ട്

പച്ചിലയിലുറങ്ങുന്ന നറുമഞ്ഞ് തുള്ളികൾ

ആദിത്യ രശ്മികളാൽ മിന്നിത്തിളങ്ങുന്നു

തുമ്പികൾ പാറി കളിക്കുന്ന മാനത്ത്

കതിരോൻ പോയ് മറഞ്ഞിടുന്നു

ഭൂമിതൻ കാഴ്ചകൾ എത്ര പവിത്രമാം

ദൈവത്തിൻ വരദാനമാണിവയോരോന്നും

പ്രഭതൂകി നിന്നിടുന്നു....!

-അതുല്യ സുനീഷ്

## ശിഷ്യനും ഗുരുവും

'ഗുരുവിലൂടെ നാം അറിവ് സമ്പാദിക്കുന്നു.' ബാല്യത്തിലെ അക്ഷരച്ചെപ്പുകൾ തുറക്കാൻ പഠിക്കണം.അവ ഹൃദയസ്ഥമാക്കുകയും ചെയ്യണം. ഗുരുവും ശിഷ്യനും തമ്മിലുള്ള ആത്മബന്ധം വളരെ വലുതാണ്. ഗുരുവിന്റെ ശിക്ഷണം നമ്മെ നല്ലവരാക്കുകയും അറിവു സമ്പാദിക്കുവാനും ഇടയാക്കുന്നു. ഈ ഘട്ടത്തിൽ വായിക്കുവാനും അക്ഷരങ്ങളെ ആവാഹിക്കുവാനും നമുക്കു സാധിക്കണം.

വിസ്മയ പ്രസാദ്

*kudos*

## ഫലിത ബിന്ദുക്കൾ

ടീച്ചർ . നിങ്ങടെ മോന്

ഹിന്ദിക്ക് ഫുൾമാർക്ക്

ഉണ്ടല്ലോ ? ട്യൂഷൻ

ഉണ്ടോ....?

അച്ഛൻ . ട്യൂഷനൊന്നും ഇല്ല

ടീച്ചറേ....

കഴിഞ്ഞ വെക്കേഷന്

ഒരു ബംഗാളീടെ

കൂടെ അവൻ വാർ

ക്കപ്പണിക്കു

പോയേന്റെ ഗുണമാ.

*kudos*

## കുസൃതികണക്ക്

അമ്മുവും ചിന്നുവും ക്രൂട്ടുകാരാണ് . അവർ ലിസിയോടു പറഞ്ഞു ഞങ്ങളുടെ കൈയിൽ കുറച്ച് പണമുണ്ട് . രണ്ടുപേരുടെയും കൈയിലുള്ള തുകകൾ തമ്മിൽ ഒരു രൂപയുടെ വ്യത്യാസം മാത്രം . ഒരാളിന്റെ കൈവശമുള്ള തുകയുടെ വർഗത്തിൽ നിന്നും മറ്റേ ആളുടെ കൈവശമുള്ള തുകയുടെ വർഗം കുറച്ചാൽ 2 2 1 കിട്ടും . എങ്കിൽ ഓരോരുത്തരുടെയും കൈവശമുള്ള തുകയെത്ര ? കണ്ടു പിടിക്കുക ?

ഉത്തരം :- 2 2 1 നെ തുടർച്ചയായ രണ്ടു സംഖ്യകളുടെ തുകയായി എഴുതുക . 1 1 1 ,1 1 0 എന്നു കിട്ടും . ഇതായിരിക്കും ഓരോരുത്തരുടെടും കൈവശമുള്ള തുക

**Sneha Binu**

## വാക്ക്

ഒരിക്കൽ വിശന്നുവലഞ്ഞ ഒരു ചെന്നായ

നാട്ടിൻപുറത്തുള്ള ഒരു വീടിന്റെ പിൻവശത്തെത്തി. അവിടെയുള്ള കുട്ടി ഉറക്കെയുറക്കെ കരയുന്നുണ്ടായിരുന്നു.

അവന്റെ കരച്ചിൽ കേട്ട് ആ വീട്ടിലെ വൃദ്ധ അവനെ ശാസിച്ചു:

'നീ കരച്ചിൽ നിർത്തിയില്ലെങ്കിൽ നിന്നെ ഞാൻ ചെന്നായയ്ക്ക് തിന്നാൻ കൊടുക്കും, പറഞ്ഞേക്കാം!'

ചെന്നായയ്ക്ക് ഇതു കേട്ടിട്ട് സന്തോഷമായി. ജീവിതത്തിൽ ആദ്യമായി ഒരു മനുഷ്യക്കുട്ടിയെ ഭക്ഷണമാക്കാൻ കിട്ടുകയാണ്. മനുഷ്യക്കുട്ടിയെ ഇപ്പോൾ കിട്ടുമെന്ന് കരുതി ചെന്നായ വീടിനു പിന്നിൽ ചെടികൾക്കിടയിൽ പതുങ്ങി ഇരുന്നു. കുറെക്കഴിഞ്ഞ് കരച്ചിൽ നിർത്താത്ത കുട്ടിയോട് വൃദ്ധ പറഞ്ഞു:

'കരയണ്ട...മോനേ, അമ്മൂമ്മ ചെന്നായയ്ക്കു കൊടുക്കില്ല.....

ചെന്നായ മോനേ തിന്നാൻ വന്നാൽ ഈ അമ്മൂമ്മ അതിനെ തല്ലിക്കൊല്ലും!'

അതു കേട്ട് ചെന്നായ ഞെട്ടി. ഈ മനുഷ്യൻമാരുടെ വാക്കിന് ഒട്ടും സ്ഥിരതയില്ല എന്നു പറഞ്ഞിട്ട് അത് കാട്ടിലേക്ക് ഓടിപ്പോയി.

## തുള്ളൽപ്രസ്ഥാനം

കുഞ്ചൻ നമ്പ്യാരാണ് തുളളൽ പ്രസ്ഥാനത്തിന്റെ പിതാവ്.
അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തിന് മിഴാവ് കൊട്ടികൊണ്ടിരുന്ന സമയത്ത് നമ്പ്യാർ ഉറക്കം തൂങ്ങുകയും ചാക്യാർ നമ്പ്യാരെ കഠിനമായി പരിഹസിക്കുകയും ചെയ്തു.
ഇതിൽ വിഷമം തോന്നിയ നമ്പ്യാർ പിറ്റേന്ന് തുളളൽ എന്ന കലാരൂപം ക്ഷേത്രത്തിന്റെ മറ്റൊരു ഭാഗത്ത് അവതരിപ്പിച്ചു എന്നാണ് ഐതീഹ്യം . പണ്ഡിതൻമ്മാരും പാമരൻമ്മാരും ഒരേ പോലേ മനസ്സിലാക്കാവുന്ന രീതിയാണ് നമ്പ്യാർ പിൻ തുടർന്നത്.

തുള്ളൽ പ്രധാനമായി മൂന്ന് തരമുണ്ട്. ഓട്ടൻ തുള്ളൽ, ശിതങ്കൻ തുള്ളൽ, പറയൻ തുളളൽ. ഓടുന്ന ദൂതനെ പോലെ പെട്ടെന്ന് പാടി പറയുന്ന തുള്ളലുകളാണ് ഓട്ടം തുള്ളൽ വിഭാഗത്തിൽ പ്പെടുന്നത്. ശിതങ്കൻ

*kudos*

തുള്ളൽ പ്രധാനമായും പുരാണത്തിലുള്ള ഒരു ഭ്രാന്തന്റെ
വേഷത്തിനോട് സദൃശ്യമുള്ളതാണ് . പറയൻ തുള്ളൽ
എന്നതിന് പറയുവാൻ എന്നാണർത്ഥം . അല്ലാതെ
പറയജ്ഞാതിയെയല്ല സൂചിപ്പിക്കുന്നത്. നമ്പ്യാർ
നിരവധി തുള്ളൽ കൃതികൾ രചിയ്ച്ചിട്ടുട്ട്.
കല്യാമസൗഗന്ധികം, രുഗ്മണി സ്വയം വരം,
കിചകവധം തുടങ്ങി നിരവധി കൃതികൾ രചിയ്ച്ചിട്ടുണ്ട്

നമ്മുടെ സമൂഹത്തിൽ നിലന്നിന്നിരുന്ന പലതരത്തിലുള്ള
അനീതികൾ, അഴിമതികൾ,ദുഷ്ദരണങ്ങൾ,ജ്ഞാതിവിവേ-
ചനങ്ങൾ എന്നിവക്കെതിരെ ഏതെങ്കിലും ഒരു കലാരൂപം
പ്രമേയമാക്കി തനിക്ക് പരയാനുള്ള കാര്യങ്ങൾ ഒരു
കലാ രൂപമാക്കി അവതരിപ്പിക്കുകയാണ് നമ്പ്യാർ.

സീന ദേവസ്യ

## ഫലിതങ്ങൾ

*kudos*

1.ശശി രാജുവിനോട് ;തന്റെ മുറിയിൽ ഒരേ സമയം ഫാനും

എസിയും ഉപയോഗിക്കുന്നതെന്തനാ ?

രാജു ;എനിക്ക് ഫാനും അവൾക്ക് എസിയും.

2.രണ്ടു മടിയന്മാർ തമ്മിൽ.

ഒന്നാമൻ ;ഒരു ബട്ടൺ അമർത്തിയാൽ നാം ചെയുന്ന

എല്ലാ പണികളും മിഷിയൻ ചെയുമെന്ന്.

രണ്ടാമൻ ;അതുശരി ....ബട്ടൺ ആരാ അമർത്തുക.

3.ഒരു സംഗീത പരിപാടിക്കിടയിൽ കണ്ടുമുട്ടിയ രണ്ടു കൂട്ടുകാരികൾ തമ്മിൽ

ഒന്നാമത്തെയാൾ;എന്റെ ഭർത്താവ് വീണ വിദ്വാനാ....നിങ്ങളുടെ

ഭർത്താവോ?

രണ്ടാമത്തെയാൾ;വിദ്വാൻ തന്നെയാ....പക്ഷേ "വീണിട്ടില്ല'"

ചന്ദന

*kudos*

## ഗണിതശാസ്ത്രക്വിസ്

*kudos*

1. ഏത് സംസകാരത്തിലാണ് ഡോട്ട് രീതിയിൽ

ആദ്യമായി സംഖ്യകളെ പ്രതിനിധീകരിച്ചത് ?

[ചീന ]

2. ഏത് പ്രാചീനസംസ്കാരത്തിലാണ് സംഖ്യകളെ

ആദ്യമായി വിക്കുകളിൽ എഴുതിത്തുടങ്ങിയത്?

[ഇൻഡ്യൻ]

3. ഏത് പ്രാചീന സംസ്കാരത്തിലാണ് ഒറ്റ സംഖ്യകളെ ആണെന്നും ഇരട്ടസംഖ്യകളെ

പെണ്ണെന്നും വേർതിരിച്ചത് ?

[ചീന]

4.അവസാനമില്ലാത്തതോ പരിധിയില്ലാത്തതോ

ആയതിനെ ഗണിതശാത്രത്തിൽ എന്തു

പറയുന്നു ?

[അനന്തത]

5.പ്രാചീന ഇൻഡ്യാക്കാർ കണക്കുക്കൂട്ടലിലും

കിഴിക്കലിലും പ്രഗത്ഭരായിരുന്നവെങ്കിലും

അവർ ഏതിൽ പ്രഗത്ഭരായിരുന്നില്ല ?

[ ജ്യാമിതി ശാസ്ത്രം – ജ്യോമട്രി]

*kudos*

6. എന്നാണ് കർട്ട് ഗോഡൽ അദ്ദേഹത്തിന്റെ

പ്രശസ്തമായ അപൂർണ്ണ സിദ്ധാന്തം

ആവിഷ്കരിച്ചത് ?

[1858 – ൽ ]

7. ഹിന്ദിയിൽ , തട്ടിപ്പുകാരൻ ഈ സംഖ്യ -

യിലാണ് അറിയപ്പെടുന്നത്. ഏതാണാ -

നമ്പർ ?

[പത്ത് - ദസ്സ്നമ്പറി]

8. നാൽക്കാലികളുടെ സംഖ്യ എന്നറിയപ്പെടുന്നത്

ഏത് സംഖ്യയാമണ് ?

[666]

9. രണ്ട് കാര്യങ്ങൾ ഒരിക്കലും സരിയാകില്ല.

ഈ പഴഞ്ചൊല്ലിൽ പറയുമന്നതെന്താണ് ?

[ ഗണിതശാസ്ത്രം , എത്തിക്സിൽ സത്യം

കാണുന്നില്ല]

10.ക്യട്ടേഷൻ എന്ന വിശിഷ്ട ഗ്രന്ഥത്തിന്റെ

രചയിതാവാര് ?

[തോമസ്. എ. എഡിസൺ]

Shilpa .M.T

*kudos*

## ഒരു മൈസൂർ യാത്ര

*kudos*

കുട്ടികളുടെ അറിവ് വികസിക്കുന്നതിന് വിനോദയാത്രകൾ വളരെ പ്രധാനമായ പങ്കാണ് വഹിക്കുന്നത്. വായിച്ചറിയുന്നതിനേക്കാൾ കൂടുതൽ മനസ്സിൽ

പതിയുന്നത് ഒരു തവണ നേരിൽകണ്ടറിയുന്നതാണ്.കുട്ടികൾ അനേകം കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നുണ്ടെങ്കിലും അവയിൽ ഏറെയും

അപരിചിതമായ കാര്യങ്ങളായിരിക്കും.നേരിൽ കാണാൻ ആഗ്രഹമുണ്ടെങ്കിലും ചുറ്റുവട്ടങ്ങളിൽ നിന്നും ലഭിക്കാത്ത വിവരങ്ങളായിരിക്കും പലതും.അവയിൽ ചിലതെങ്കിലും നേരിൽ കാണുന്നതിനും പുതിയ അറിവുകൾ

ആ സുദിനം വന്നെത്തി.2018 ഒക്ടോബർ 25 ന്

രാത്രി ഏകദേശം 9;30 ഓടെ ഞങ്ങൾ സ്ക്കൂളിൽ നിന്നും യാത്രതിരിച്ചു.ഞങ്ങളുടെ സുരക്ഷ ഏറ്റെടുത്തുകൊണ്ട് യാത്രയുടെ ആരംഭം മുതൽ തന്നെ ജോയി സാർ ഒപ്പമുണ്ടായിരുന്നു.

ബസിൽ കയറിയശേഷം മുതൽ ഭയങ്കര സന്തോഷമായിരുന്നു.ഞങ്ങളുടെ ടീച്ചർ അനിജ സിസ്റ്റർ യാത്രുടെ ആരംഭത്തിൽ ഞങ്ങളെ ദൈവത്തിന് സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിച്ചു.

പിന്നീട് യാത്രതുടങ്ങി അൽപ്പസമയം കഴിഞ്ഞപ്പോൾ ബസിൽ പാട്ട് ഓൺചെയ്തു.

ഡാൻസ് കളിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും നാണമോ, ഭയമോ,ടെൻഷനോ എന്തെന്നറിയാത്ത അനുഭവമായിരുന്നു.എന്നാൽ മുഴുവൻ കൂട്ടുകാരും കളിക്കുന്നതു കണ്ടപ്പോൾ അടങ്ങിയിരിക്കാൻ തോന്നിയില്ല.ടീച്ചർമാരായ

സിമി ടീച്ചറും ഷീജ ടീച്ചറും ബിജേഷ് സാറും സ്ക്കൂൾ സ്റ്റാഫായ അമൽ ചേട്ടായിയും യാത്രക്കിടെ

ഞങ്ങളുടെ കൂടെ ബസിൽ കയറി. ജയ സൂര്യയുടെ Captain എന്ന സിനിമ ബസിൽ പ്രദർശിപ്പിച്ചു.അത് കണ്ടുകൊണ്ടിരിക്കെ മയക്കത്തിന്റെ അഗാധമായ പ്രവാഹത്തിലേക്ക് അറിയാതെ വഴുതി വീണുപോയി.

26-ാം തിയതി പുലർച്ചെ 6;00 ആയപ്പോഴേക്ക് ഞങ്ങൾ മൈസൂർ നഗരത്തിലെത്തി.അന്ധകാരത്തിന്റെ നിശാന്തതയിൽ നിന്നും പ്രകാശത്തിന്റെ പുലരിയിലേക്കുള്ള ആരംഭമായിരുന്നു.ആ സമയം മങ്ങിയ വെളിച്ചത്തിൽ വിജനമായ മൈസൂർ നഗരത്തിന്റെ ശാന്തമായ അന്തരീക്ഷം.

വഴിയോരത്തെ കുളിരണിയിച്ചുകൊണ്ട് വലിയ

വടവൃക്ഷങ്ങൾ ധാരാളമായി വഴിനീളെ തല ഉയർത്തി പുത്തൻ പുലരിയെ വരവേൽക്കാനായി ഒരുങ്ങുകയായിരുന്നു. മൃഗങ്ങൾ തങ്ങളുടെ ജോലികൾ എല്ലാം

നിർവഹിച്ചുകൊണ്ട് ധാരാളം മൃഗങ്ങൾ വിചനമായ വഴിയോരത്തുകൂടി മേയുന്നുണ്ടായിരുന്നു. മനസിലെ സങ്കൽപ്പങ്ങൾക്കുമതീതമായിരുന്നു

മൈസൂർ നഗരം. ഞങ്ങളെ നയിക്കാനായി ബാബുചേട്ടൻ

ഞങ്ങളുടെ കൂടെത്തന്നെയുണ്ടായിരുന്നു ഞങ്ങൾ പോകുന്ന

സ്ഥലങ്ങളെല്ലാം ബാബുച്ചേട്ടൻ നേരത്തേതന്നെ

ബുക്കുചെയ്തിരുന്നു . അതുകൊണ്ടുതന്നെ യാതൊരു ബുദ്ധിമുട്ടും ഒരിടത്തും ഉണ്ടയില്ല. രാവിലെ അവിടെയെത്തിക്കഴിഞ്ഞപ്പോൾ ഫ്രഷ് ആകാനായി

ഞങ്ങൾക്ക് ഒരു ഹോട്ടലിൽ റൂമുകളും പ്രഭാതഭക്ഷണവും തയ്യാറാക്കിത്തന്നു.

ബൊഫയായതുകൊണ്ടുതന്നെ ഇഷ്ടമുള്ളത് എടുക്കാമായിരുന്നു .അത് വയറിനൊപ്പം മനസ്സും നിറച്ചു .

ഞങ്ങൾ അവിടെനിന്നും ആദ്യം പോയത്

*kudos*

സെന്റ് ഫിലോമിന ദേവാലയത്തിലേക്കായിരുന്നു .

വാനോളം ഉയരമുള്ള ആ ദേവാലയം തലയെടുപ്പോടെ

മൈസൂർ നഗരത്തിൽ ഉയർന്നുനിൽക്കുകയാണ് .

വളരെ വ്യത്യസ്തമായ ഒരു ദേവാലയമായിരുന്നു അത് .

ഭക്തിസാന്ദ്രമായ ആ അന്തരീക്ഷത്തിൽ നിന്നും പിന്നീട്

പോയത് കാഴ്ച്ചബംഗ്ലാവിലേക്കായിരുന്നു . വളരെ കൗതുകകരമായ ഒരു കാഴ്ച്ചവിരുന്നായിരുന്നു അവിടെ

ഒരുക്കിയിരുന്നത് . പലവർണ്ണത്തിലുള്ള പക്ഷികളെയും

ജന്തുക്കളെയും അവിടെ കാണാൻ സാധിച്ചു . ശാന്തമായ പ്രകൃതിയ്ക്ക് ഈണം നൽകി കൊണ്ട് അവിടുത്തെ പക്ഷിമൃഗാദികളുടെ കളകളാരവം തീർത്തും ആകാംക്ഷാ ജനകമായിരുന്നു . അവിടെനിന്നും പിന്നീട് പോയതൈമൈസൂർ പാലസിലേക്കായിരുന്നു . നയനമനോഹാരിത നിറഞ്ഞ ആ കൊട്ടരം എത്രമാത്രം സൗന്ദര്യവതിയാണ് .ഒന്നു നോക്കിയാൽ കണ്ണെടുക്കാൻ തോന്നില്ല.അത്രയേറെ മനോഹരമായിരുന്നു അത് .വാസ്തുശില്പങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു അവിടം . വൈവിധ്യങ്ങൾ

നിറഞ്ഞ ആ കൊട്ടാരത്തെ വ്യത്യസ്തമാക്കുന്നത് അതിലെ കുളിർ അണിയിക്കുന്ന ഓർമ്മകളാണ് . ഒന്നുകണ്ടാൽ പിന്നെ അത് മനസ്സിൽ തങ്ങിനിൽക്കുന്ന

കാഴ്ച്ചകൾ തന്നെയായിരുന്നു . കൊട്ടാരത്തിന്റെ അങ്കണത്തിന്റെ ഉദ്യാനം വൈവിധ്യം നിറഞ്ഞതായിരുന്നു .

ദീർഘനേരത്തെ ഉലാത്തലിനുശേഷം ഞങ്ങൾ ഹോട്ടലിലേയ്ക്ക് പോയി . അവിടെ ഒരുക്കിയിരുന്ന വിഭവസമൃദ്ധമായ സദ്യ ഏറെ സ്വാദിഷ്ഠമായിരുന്നു. ഹോട്ടലിൽ അൽപ്പം വിശ്രമിച്ച ശേഷം ഞങ്ങളേവരും വീണ്ടും യാത്രതിരിച്ചു.

*kudos*

യാത്രക്കിടെ ബസിൽ പാട്ടുകൾ  വയ്ക്കുമ്പോൾ  ഒതുങ്ങിക്കൂടാൻ മനസ്സ് അനുവദിച്ചില്ല.

നൃത്തം ചെയ്ത് മതിമറന്നാടുകയായിരുന്നു  ഞങ്ങൾ.

ഇടയ്ക്ക് ഞങ്ങളുടെ  അധ്യാപകരും ക്രൂടെ ക്രൂടി  . അത് മനസ്സിൽ സന്തോഷം ഇരട്ടിപ്പിക്കാൻ ഇടയാക്കി. ഇടക്കെപ്പോഴോ  പ്രകൃതിയിലേക്ക് കണ്ണോടിച്ചപ്പോൾ അവിടുത്തെ കാർഷിക  സംസ്കാരത്തെ  നേരിട്ട്മനസിലാക്കാനും അത് ആസ്വദിക്കാനും ഇടയായി.കേരളത്തിലെ ഭൂപ്രകൃതിയിൽ  നിന്നും വ്യത്യസ്തമാണ്

മൈസൂരിന്റെ ഭൂപ്രകൃതിയും  അവിടുത്തെ സംസ്കാരങ്ങളും  ആചാരങ്ങളുമെല് എന്നും          മനസ്സിലായി.

നിരപ്പാർന്ന ഭൂപ്രകൃതി , ധാരാളം കൃഷിയിടങ്ങൾ , കൊയ്ത്തിനൊരുങ്ങി വയലോലകൾ , കൃഷികളെ തലോടുന്ന കർഷകർ എല്ലാം നിമിഷനേരം കൊണ്ട് അപ്രത്യക്ഷമായി മാറുകയായിരുന്നു . വ്യത്യസ്തമായ വസ്ത്രധാരണവും ആചാരാനുഷ്ഠാനങ്ങളുമെല്ലാം ആദ്യമായി നേരിൽ കാണാനും മനസിലാക്കാനും ഈ വിനോദയാത്ര ഏറെ സഹായിച്ചു . അടുത്ത യാത്ര ടിപ്പുസുൽത്താന്റെ കോട്ടയിലേക്കായിരുന്നു. അവിടെ ധാരാളം കബറിടങ്ങൾ കണ്ടു. ചരിത്രപരമായ ധാരാളം അറിവുകളായിരുന്നു ആ ചരിത്രഭൂമിയിൽ നിന്നും കണ്ടറിയാൻ സാധിച്ചത് . കോട്ടയുടെ ചരിത്രശേഷിപ്പുകൾ വഴിനീളെ കാണാമായിരുന്നു .അന്നത്തെ യോദ്ധാക്കളുടെ വീരസാഹസങ്ങൾ ഇന്നു നിലനിൽക്കുന്ന തെളിവായിട്ടാണ്അവിടം അനുസ്മരിപ്പിക്കപ്പെടുന്നത്. വൃന്ദാവനമാണ് അടുത്ത വിരുന്നായി ഞങ്ങൾക്ക് ഒരുക്കിയിരുന്നത്. നയനങ്ങൾക്ക് കുളിരേകുന്ന ആ ഉദ്യാനം ദീർഘനേരം ആസ്വദിക്കാൻ ഉണ്ടായിരുന്നു. അസ്തമയസൂര്യൻ മാനത്ത് ചെഞ്ചായം വിതറിക്കൊണ്ട് സാഗരത്തിലേക്ക് മുങ്ങിത്താഴുമ്പോൾ വൃന്ദാവനം വാട്ടർഷോയാൽ ഉദിച്ചുയരുകയായിരുന്നു ധാരാളം ജനങ്ങൾ പലനാടുകളിൽ നിന്നും ഒഴുകിയെത്തുന്നുണ്ടായിരുന്നു. ആ വിസ്മയകാഴ്ച്ചയെ ആസ്വദിക്കാൻ. എത്ര മാത്രം സൗന്ദര്യസാന്ദ്രമായ അന്തരീക്ഷം. നിരപ്പാർന്നതും മനോഹരമായതുമായ ഉദ്യാനങ്ങൾ. മനസുനിറയ്ക്കുന്ന കാഴ്ച ശ്രദ്ധേയമായ വിരുന്നും . പിന്നീട് ചാമുണ്ടിഹിൽസിൽ പോയി. അവിടെയും ധാരാളം സൗന്ദര്യകരമായ കാഴ്ച്ചകളായിരുന്നു. ഉണ്ടായിരുന്നത്. ചാമുണ്ടേശ്വരി അമ്പലമായിരുന്നു അവിടുത്തെ മറ്റൊരു വൈവിധ്യം. അപ്പോൾ സമയം അതിക്രമിച്ചിരുന്നു. പിന്നെ നേരെ ഹോട്ടലിലേയ്ക്കായിരുന്നു ഞങ്ങളുടെ യാത്ര . അവിടെ ഒരുക്കിയിരുന്ന വിഭവസമൃദ്ധമായ അത്താഴം ഏറെ ആസ്വാദ്യകരമായിരുന്നു. പിന്നെ വിവിധ റൂമുകളിലായി എല്ലാവരും ഒതുങ്ങി . മയക്കത്തിന്റെ ആഗാതയിലേക്ക് പതുക്കെ വഴുതി. അപ്പോൾ ഞങ്ങൾക്കൊപ്പം ഷിജു ടീച്ചറായിരുന്നു റൂമിലുണ്ടായിരുന്നത്. പിറ്റേദിവസം രാവിലെ (27-10-2018) 6:00 ക്ക് ഞങ്ങൾ ഉണർന്നതിനുശേഷം പ്രഭാതഭക്ഷണവും കഴിച്ച് കുടകിലേക്ക് യാത്ര തിരിച്ചു. അവിടുത്തെ അന്തരീക്ഷവും ഏകദേശം മൈസൂരിനോട് സാമ്യപ്പെടുന്നതായിരുന്നു. വൈവിധ്യം നിറഞ്ഞ മറ്റൊരു കാഴ്ച്ചയും അവിടെ കാണാൻ സാധിച്ചു. ഗോൾഡൻ ടെമ്പിളായിരുന്നു അത്. ധാരാളം ബുദ്ധമതസ്വാമികളെ അവിടെ കാണാൻ സാധിച്ചു . തീർത്തും ശാന്തമായ

അന്തരീക്ഷം മനസിന് എന്തെന്നില്ലാത്ത ഉന്മേഷമായിരുന്നു അവിടെ ചെന്നപ്പോൾ അനുഭവപ്പെട്ടത്. പിന്നെ ഉച്ചഭക്ഷണത്തിലേയ്ക്കായിരുന്നു ഏവരുടെയും ശ്രദ്ധ. വയറ്റിൽ നിന്നും ആരൊക്കെയോ മുളിവിളിക്കാൻ തുടങ്ങിയിരുന്നു . വിഭവസമൃദ്ധമായ ഒരു സദ്യതന്നെയായിരുന്നു അവിടുത്തേത്.അൽപ്പനേരത്തെ വിശ്രമത്തിനുശേഷം ഞങ്ങൾ ബാംബു ഫോറസ്റ്റിലേക്ക് യാത്ര തിരിച്ചു. അത് ഒരു വനത്തിന്റെ പ്രതീതിയായിരുന്നു മനസ്സിൽ ഉളവാക്കവാക്കിയത്. മനുഷ്യരൂപത്തോട് സാദ്യശ്യമുള്ള ധാരാളം ധാരളം മനുഷ്യരുടെ ശിൽപ്പങ്ങൾ ഏറെ കൗതുകകരമായ കാഴ്ച്ചയായിരുന്നു.അവർ വിവിധ കലകളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുകയായിരുന്നു.എന്നാൽ മുഖഭാവങ്ങൾ ജീവൻ സ്ഫുരിക്കുന്നതായിരുന്നു. ദീർഘ്യനേരം ആ ഉദ്യാനത്തിലൂടെ ഞങ്ങൾ അങ്ങനെ ഉലാത്തി നടന്നു. പുള്ളി മാനുകൾ ഞങ്ങളുടെ അടുത്തു കൂടി വന്നു.അവയെ താലോലിക്കാൻ സാധിച്ചത് മറ്റൊരു കൗതുകകരമായ കാഴ്ച്ചയായിരുന്നു. അവിടെ അനുവദിച്ചിരുന്ന സമയം ധാരാളം ശേഷിച്ചിരുന്നതുകൊണ്ടുതന്നെ ഞങ്ങൾ ടീച്ചർമാരുടെ കൂടെ അവിടെ നിന്ന് ധാരളം വിനോദങ്ങളിൽ ഏർപ്പെട്ടു. അവിടെനിന്നും പിന്നീടുള്ള യാത്ര ആനത്തൊട്ടിയിലേക്കായിരുന്നു. അവടേയ്ക്കുള്ള യാത്ര വളരെ വ്യത്യസ്തമായിരുന്നു.ബോട്ടിലൊക്കെ കയറിയായിരുന്നു ആ യാത്ര. ജീവിതത്തിലാദ്യമായി ബോട്ടിൽ കയറുന്ന അവസരം മതിമറന്നാഘോഷിക്കുകയായിരുന്നു ഞങ്ങൾ. ആനത്തൊട്ടിലിൽ എത്തി അവിടെ ധാരാളം ആനകളെ കാണാനും തൊടാനും സാധിച്ചു.അവിടെനിന്നും ബോട്ടു മാർഗമായിരുന്നു തിരിച്ചുള്ള യാത്രയും. ഇക്കരയെത്തി പിന്നീടുള്ള യാത്ര ചാമുണ്ടേശ്വരി അമ്പലത്തിലേയ്ക്കായിരുന്നു. അവിടെന്നും യാത്ര തിരിച്ചപ്പോഴായിരുന്നു ഞങ്ങൾക്ക് ഷോപ്പിങ്ങിനുള്ളസമയം ലഭിച്ചത്. ധാരളം സാധനങ്ങൾ വിലപേശി വാങ്ങാനുള്ള ഒരവസരമായിരുന്നു അവിടെ ലഭിച്ചത് . അത് പുതുമ നിറഞ്ഞ ഒരു അനുഭവമായിരുന്നു.പിന്നീട് അത്താഴത്തിനായി ഞങ്ങൾ ഒരു ഹോട്ടലിലേക്ക് നീങ്ങി. അവിടെയും ബൊഫയായിരുന്നു. ഇഷ്ടമുള്ളത് വയറു നിറയെ കഴിക്കാനുള്ള ഒരവസരമായിരുന്നു അത്. യാത്രകൾക്കും കാഴ്ച്ചകൾക്കും ശേഷം ഞങ്ങളുടെ യാത്രയ്ക്കനുവദിച്ച ദിനങ്ങൾ വളരെ വേഗത്തിൽ കഴിഞ്ഞു പോയി. മനസ്സില്ലാ മനസ്സോടെയാണെങ്കിലും തിരിച്ചുള്ള യാത്ര മനസ്സിൽ

*kudos*

ഏറെ സങ്കടം തോന്നിച്ചു.


മടക്കയാത്രയിൽ ബസ്സിൽ വച്ച് ജോയി സാർ എല്ലാവരുടെയും അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ഒരവസരം നൽകി. എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടുള്ള ആ പ്രസംഗത്തിനിടെ മനസ്സിലെവിടെയോ നിന്നും ഒരു കുളിരുകോരുന്ന സാഹചര്യം മിന്നി മാഞ്ഞു പോയി.ഞങ്ങളുടെ യാത്രയുടെ അന്ത്യം പുലർച്ചെയോടെ യായിരുന്നു.ഓർമ്മകൾ അയവിറക്കി ഞങ്ങൾ വീട്ടിലേക്ക് യാത്രയായി.

അഖില എം. ബിജു




**കുട്ടിപ്പട്ടം** **nidhun babu**

## तमनना



आकाश को तारों सॆ भी उपर
जानॆ की जमनना हौ
रहना की तमनना हौ
लोगौं की तमनना हौ
लोगौं कॆ दिलौं मॆं ही बसकर
हमों हँसकतॆ- कुदतॆ
रहना की तमनना हौ
सब कॆ घिलों मॆं छानो कॆ सुनकर को लिया
जगह बनानों की तमनना हौ
हमारी बातौं को सुनकर नहीं
नहीं होंगो वह उबास
क्यौंकि हमारी बातों मों
होगी इतनी मिठास
हम हौं जलतॆ हुऎं दिया दुनिया को
उसमों जो धी हौ वॆ हौ हमारी खुशियों को
हम बडों होकर ऐसा कुछ करको दिखाऎँ
आपनी मंजिलों को मुशिकल नही ...

-आनसी

kudos

## मॅरा बारीश

मॅरा धरती पर
आती हॅ बारिश
आसमान कॅ आसू
हॅ बारीश ।
मॅरा प्यारी प्यारी
बारीश
तुम आतॅ समय
मुजॅ बहुत खुशी होता
हॅ ।
पॅड, पौधा आौर
इंसान
तुम सॅ बहुत खुशी
होतो हॅ...... ।



*kudos*

**-अनिटटा षिनौज**

## ACT AS IF

Let's act
as if we were considerate to others
as if we were beautiful
as if we were interested in our job
as if we were happy
if we do this
we will be considerate to others
we will be like our neighbours
we will be brave
we will be confident
and we will be happy

by jomol joseph

# THE CREATION

## An appeal to save life on earth

## BIODIVERSITY

The land,air and seas of our planet are home to minutest insects and largest animals, which comprise a huge variety of interconnecting and interdependent forces. This is life,this is biodiversity.



## Biodiversity found on

kudos

earth

## How can you cook delicious soup?


Once a beggar knocked on an old women's door for some food. She said that she had nothing to share because her all food had finished. “I will feed you. All I need is a large pot, some water and a stone. I will make you stone soup” said the beggar. The women was greedy and brought a pot of water and put it over the fire. He dropped a gray stone and began to stir. After a white the man tasted the soup and asked for some salt and pepper. The woman brought them after a search. The man put them in the pot and began to stir. He tasted again and said "this soup is tasty, but it would be tastier if we had some carrots and cabbage". I thing I have some carrots and cabbage"said the women and went and got some carrots and cabbage. The man stirred the pot with the leafy cabbage, the long orange carrots, the salt, the pepper water and the round grey stone.

After a while the man taste the soup again and said, "this soup is hearty, but it would be heartier if we had a bone". "I think I have a bone" said the woman and she went and brought a long, red bone.

After stirring and tasting he asked for some white flour and an onion. The women went and brought them. The man mixed with the soup, tasted and said, "this soup is rich, but it would be richer if we had some better".'I think I have some butter" saying this she went and brought some butter.

After mixing the butter he tasted again and said, "this soup is fine". The woman brought two bowls and spoons. They drank the soup. It was so delicious.

kudos



പൂന്തോട്ടം

## OLD LION AND THE DONKEY

*There was a lion, who lived in a huge cave in jungle. He was very strong and ferocious.*

*He could run as fast as a zebra. When he caught his prey, he killed it immediately and at it. As the years passed , he grew old.*

*He lost his strength gradually. He said to himself,"No! It is not possible for me to pull on like this. I must find a way out. Otherwise, I would die of starvation." After much thought, he got an idea.*

*He called the donkey and said,"Listen friend, you have a lovely voice, which no other animal has. I have never heard such a resounding tone as yours. Now let us work together, so that we could*

*live happily with plenty of food at our disposal."*
*The donkey was highly pleased to hear this. He said,"I would be your partner. What can I do for you?"*
*The lion then explained to him, "Listen, when you see the animals gathering at one place, you give out a loud sound. On hearing it, they would run helter-skelter. I will be hiding behind a tree. As soon as one comes within my reach, I would grab it. You will be rewarded handsomely by me." The donkey agreed with the lion. As soon as he saw animals gathered at one place, he started braying loudly . As the animals ran in fright, the lion grabbed one, which passed by the tree.*
*The donkey thought that he was very clever.*

*He started running all over the jungle braying loudly to scare away other animals.*

*As it happened, the braying donkey passed by the tree where the lion was hiding.*

*The lion at once ,grabbed him and made a nice meal of him.*

***Moral** : As you sow, so you reap.*

JOMON JOSEPH

## SONG OF THE FLOWER

I am a kind word uttered and repeated

By the voice of Nature;

I am a star fallen from the

Blue tent upon the green carpet.

I am the daughter of the elements

With whom Winter conceived ;

To whom Spring gave birth; I was

Reared in the lap of Summer and I

Slept in the bed of Autumn.

At dawn I unite with the breeze

To announce the coming of light

At eventide I join the birds

In bidding the light farewell.

The plains are decorated with

My beautiful colours, and the air

Is scented with my fragrance

As I embrace Slumber the eyes of

Nigh watch over me, and as I

A waken I stare at the sun,which is

The only eye of the day

- BIBINA BIJU

**APPRECIATION**

Song of the flower is a very beautiful poem about nature and its relationship with living beings. Khalil Gibran metophorically suggets that everything in nature has a soul and self that makes existence meaningful. The flower in the poem representative of every aspect of nature

The flower says that it is a kind word uttered and repeated by the voice of nature. It is a star fallen from the sky. The poet uses the expression that blue tent to refer the sky. The four seasons have their roles in the life of the flower winter conceives it, spring gives birth to it, summer rear it and in autumn it has its external sleep.

The flower identifies its role as very significant. It announces the

coming of light in the morning and bids farewell to it in the evening. It decorates the plains with beautiful colours and fills the air with fragrance. Days and nights shower love, care and affection on the flower. It enjoy nature to the brim. It drinks dew for wine, songs with the birds and dances rhythmically with the swaying of the grass.

The beautiful images of nature make the poem quite appealing . The flower becomes a part of both joy and sorrow as it is used on the occasion of wedding as well as funeral. The poem ends in a philosophical note. The flower is optimistic. It loves to look up high to see only the light and never looks dawn to see the shadow. This is the wisdom that man must learn. The poem is rich in similes and metaphors that make it quite enjoyable to the readers.

kudos

JOMOL JOSEPH

# Cultural Heritage

## Introduction

Cultural heritage is the legacy of physical artifacts and intangible attributes of a group or society that are inherited from past generations, maintained in the present and preserved for the benefit of future generations. Cultural heritage includes tangible culture (such as buildings, monuments, landscapes, books, works of art, and artifacts), intangible culture (such as folklore, traditions, language, and knowledge), and natural heritage (including culturally significant landscapes, and biodiversity).

The deliberate act of keeping cultural heritage from the present for the future is known as preservation (American English) or conservation (British English), though these terms may have more specific or technical meaning in the same contexts in the other dialect.

## Types of heritage

### *taInngible culture*

"Intangible cultural heritage" consists of non-physical aspects of a particular culture, more often maintained by social customs during a specific period in history. The concept includes the ways and means of behavior in a society, and the often formal rules for operating in a particular cultural climate. These include social values and traditions, customs and practices, aesthetic and spiritual beliefs, artistic expression, language and other aspects of human activity. The significance of physical artifacts can be interpreted as an act against the backdrop of socioeconomic, political, ethnic, religious and philosophical values of a particular group of people. Naturally, intangible cultural heritage is more difficult to preserve than physical objects.

### *Natural heritage*

"Natural heritage" is also an important part of a society's heritage, encompassing the countryside and natural environment, including flora and fauna, scientifically known as biodiversity, as well as geological elements (including mineralogical, geomorphological, paleontological, etc.), scientifically known as geodiversity. These kind of heritage sites often serve as an important component in a country's tourist industry, attracting many visitors from abroad as well as locally. Heritage can also include cultural landscapes (natural features that may have cultural attributes).

## Cultural property

Cultural property includes the physical, or "tangible" cultural heritage, such as artworks. These are generally split into two groups of movable and immovable heritage. Immovable heritage includes building so (which themselves may include installed art such as organs, stained glass windows, and frescos), large industrial installations or other historic places and monuments. Moveable heritage includes books, documents, moveable artworks, machines, clothing, and other artifacts, that are considered worthy of preservation for the future. These include objects significant to the archaeology, architecture, science or technology of a specified culture.

### List of Heritage sites in India

***Taj Mahal***

One of Seven Wonders of the World, White Marble Mughal Architecture, the Taj Mahal was build by emperor Shah Jahan in the memory of his wife Mumtaj Mahal. It is located at the bank of river Jamuna in Agra. It was completed in 1653 with then estimated cost of 32 million Indian rupees which would today stand upto 58 billion Indian rupees. It is considered as the best example of Mughal architecture worldwide and is called the “Jewel of Muslim Art in India”. This is probably the monument that is most recognised the world over for its association with the heritage of India.

*Khajuraho*

Located in Madhya Pradesh, Khajuraho is an important UNESCO World Heritage site in India. Khajuraho is unique heritage site which is famous for a group of Hindu and Jain Temples situated 175 km south-east of Jhansi. They are well known for their Nagara style symbolism and erotic figures and sculptures. These sensuous stone carvings of human and animal form in erotic poses are very aesthetically portrayed and stand testimony to the rich cultural heritage of India. Most of these monuments were built between 950 to 1050 CE under the reign of the Chandella dynasty. It consists of total 85 Temples spread across an area of 20 square kilometres. The Kandariya temple is the most prominent of all of these temples in the Khajuraho complex.

Hampi is a UNESCO World Heritage site located in the Northern part of Karnataka. It lies within the ruins of the ancient, prosperous kingdom of Vijayanagar. The ruins at Hampi are a collection of heritage sites depicting the fine Dravidian style of art and Architecture. The most important heritage monument in this site is the Virupaksha Temple, which continues to be a very important religious centre for the Hindus. There are several other monuments which are a part of this heritage site, Together, they're collectively known as the 'Group of Monuments at Hampi'. Some of the other known ones include the Krishna temple complex, Narasimha, Ganesa, Hemakuta group of temples, Achyutaraya temple complex, Vitthala temple complex, Pattabhirama temple complex, Lotus Mahal complex, several puras or bazaars surrounding the temple complex, and also living quarters and residential areas.

One of the first World Heritage sites in India, the Ajanta caves date back to around 2$^{nd}$ century BCE to 650 CE and consist of the finest masterpieces of 31 **rock cut Buddhist cave monuments, paintings and sculpture**. The caves very built in two different phases. First of Satavahana Period under the patronage of Satvahana Dynasty (230BCE-220CE). Second, the caves of Vakataka Period under the reign of Emperor Harishena of Vakataka Dynasty. The style of Ajanta art and architecture has had a revolutionary impact on the way in Indian art and architecture has progressed all throughout history. Having mainly carvings and sculptures related to the life of Buddha, one can say that this marks the beginning of Indian Classical Art.

The Ellora Caves are an important UNESCO World Heritage site and an archaeological site, ranging 29 kilometers Northwest of the city of Aurangabad. The Ellora Caves are well known for their Indian-rock cut architecture. There are about 34 rock cut temples and caves which can be dated to about 600 to 1000 AD, are important in terms of understanding the lives of the people living in these times. The presence of Hindu, Buddhist and Jain temples and sculptures portray the tolerance which was extended towards different faiths and beliefs in Ancient Indian History. Excavated site consists of Charanandri Hills, Buddhist Hindu and Jain rock-cut temples, Viharas and Maths of 5$^{th}$ and 10$^{th}$ century.

Bodh Gaya is located almost 96kilometrese away from Patna, Bihar and is one of the UNESCO World Heritage sites in India. It's an important religious centre for the Buddhists as this was the place where Mahatma Buddha attained enlightenment. The holy Bodhi Tree is the site where Siddhartha gained Enlightenment and became Gautam Buddha. The famous Mahabodhi Temple was established in the reign of Ashoka the Great in about approximately 250 BCE. It's one of the earliest Buddhist temples. Currently, the Mahabodhi Temple Complex at Bodh Gaya comprises the 50 m tall Mahabodhi Temple, the Vajrasana, sacred Bodhi Tree and other six sacred sites of Buddha's enlightenment, surrounded by numerous ancient Votive

stupas. Owing to all these factors, Bodh Gaya is considered to be the most holy pilgrimage spot for the Buddhists.

Albina shaji

kudos